# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4120 | 21.07.2015-ൽ മറുപടിയ്ക്ക്

## സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.എം. എ. വാഹീദ്<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പെൻഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ)<br>(ബി)<br>&<br>(സി) | ഉണ്ട്. സാംസ്കാരികവകുപ്പദ്ധ്യക്ഷൻ മുഖാന്തിരം അൻപത് വയസ്സിനുമേൽ പ്രായമുള്ള സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹിത്യകാരന്മാർക്കും, കലാകാരന്മാർക്കും കലാകാരികൾക്കും പ്രതിമാസം 750/ നിരക്കിൽ കലാകാര പെൻഷൻ നല്കി വരുന്നു. കൂടാതെ വിവിധ അസുഖങ്ങൾ മൂലം കഷ്ടത അനുഭവിക്കുന്ന കലാകാരന്മാർക്കും കലാകാരികൾക്കും ചികിത്സാ ധനസഹായവും നൽകിവരുന്ന പദ്ധതി സർക്കാർ തലത്തിൽ നടപ്പാക്കിയിട്ടുണ്ട്.<br>ഇതിനും പുറമെ സംസ്ഥാനത്ത് വിവിധ കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരോ ഏർപ്പെട്ടിരിക്കുന്നവരോ ആയ സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകി അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി 2010 – ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് വ്യവസ്ഥകൾ പ്രകാരം, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് പ്രവർത്തനം നടത്തി വരികയാണ്. ആക്ട് വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | | |
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; | | |

| | | | |
|---|---|---|---|
| | | | 2013 ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി പ്രകാരം, വ്യവസ്ഥകൾക്കനുസൃതമായി അംശാദായം അടച്ച് അംഗത്വമെടുത്ത് 60 വയസ്സുകഴിഞ്ഞ കലാ സാംസ്കാരിക പ്രവർത്തകർക്ക് പെൻഷൻ നൽകിവരുന്നുണ്ട്. മിനിമം പെൻഷൻ ആയിരം രൂപയാണ്. ഇവയ്ക്കുപുറമേ അവശതാ പെൻഷൻ, ഫാമിലി പെൻഷൻ, ചികിത്സാ സഹായം, അംഗത്തിന്റെ/അംഗത്തിന്റെ പ്രായപൂർത്തിയായ പെൺ മക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം, മരണാനന്തരസഹായം, മക്കളുടെ വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം, സ്കോളർഷിപ്പ്, പ്രസവാനുകൂല്യം എന്നിവയും പദ്ധതി വിഭാവനം ചെയ്യുന്നു.<br>അവശത അനുഭവിക്കുന്ന കലാകാരന്മാരെ സഹായിക്കുക എന്നുള്ളതാണ് മേൽപ്പറഞ്ഞ പദ്ധതികളുടെ മുഖ്യ ലക്ഷ്യം.-കേരള സാഹിത്യ അക്കാദമി, ലളിത കലാ അക്കാദമി, കേരള സംഗീത നാടക അക്കാദമി, ഫോക്‌ലോർ അക്കാദമി, കേരള കലാമണ്ഡലം എന്നീ സ്ഥാപനങ്ങളാണ് മേൽ പദ്ധതികളുമായി സഹകരിച്ചു വരുന്നത്. കൂടാതെ വിവിധ കലാ സാംസ്കാരിക രംഗത്തു പ്രവർത്തിക്കുന്നവർ ഇതുമായി സഹകരിക്കുന്നുണ്ട്. |
| (ഡി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തി ട്ടുണ്ട്? | (ഡി) | സാംസ്കാരികവകുപ്പദ്ധ്യക്ഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്ന കലാകാര പെൻഷൻ ചികിത്സാ ധനസഹായ പദ്ധതികൾക്ക് സർക്കാർ പ്രതി വർഷം ബഡ്ജറ്റിൽ ഫണ്ട് അനുവദിക്കുന്നുണ്ട്.കേരള സാഹിത്യ അക്കാദമി, ലളിത കലാ അക്കാദമി, കേരള സംഗീത നാടക അക്കാദമി, ഫോക്‌ലോർ അക്കാദമി, കേരള കലാമണ്ഡലം എന്നീ അക്കാദമികൾ ശുപാർശ ചെയ്തുവരുന്ന കലാകാരപെൻഷനുള്ള പട്ടികയും ചികിത്സാ സഹായത്തിനുള്ള അപേക്ഷയും സാംസ്കാരിക വകുപ്പ് ഡയറക്ടർ പരിശോധിച്ച് ശുപാർശ ചെയ്ത് സർക്കാരിലേക്ക് അയയ്ക്കുകയും |

| | | | |
|---|---|---|---|
| | | | സർക്കാർ അർഹരായവർക്ക് അവ അനുവദിക്കുകയും ചെയ്തു വരുന്നു.<br>കൂടാതെ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് /പദ്ധതി വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ഭരണ തലത്തിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ക്ഷേമനിധി കെട്ടിപ്പെടുക്കുന്നതിന്, സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞുകിട്ടിയ തുകയുടെ അറ്റാദായത്തിൽ നിന്നും മൊത്തം 1,41,40,000/- രൂപ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലായും സെസ്സ് വരുമാനം ലഭിക്കുമ്പോൾ തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ രണ്ടുകോടി രൂപ 2015 മാർച്ചിലും സർക്കാർ ബോർഡിനു കൈമാറിയിട്ടുണ്ട്. ഇവയ്ക്കു പുറമേ ബോർഡിന്റെ ഭരണനിർവ്വഹണ ചെലവുകൾക്കായി 10 ലക്ഷം രൂപ 2011-12 വർഷത്തിലും, 6 ലക്ഷം രൂപ 2014-15 വർഷത്തിലും, നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ബോർഡിനായി 25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷേമനിധിയുടെ ആവശ്യാർത്ഥം സിനിമാ പ്രേക്ഷകരിൽ നിന്നും 25 രൂപ വിലയിൽ കവിയുന്ന ടിക്കറ്റിൻമേൽ 3 രൂപ നിരക്കിൽ സെസ്സ് പിരിക്കുന്നതിനായി നിയമവ്യവസ്ഥകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ